(ഡി) പ്രസ്തുത സമ്മേളനങ്ങളിൽ കാർഷിക വിപണന രംഗത്ത് വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ചും കരാർ കൃഷിയെക്കുറിച്ചും ചർച്ചകളുണ്ടായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) കാർഷികോല്പന്ന വിപണന രംഗത്തെ ക്രമീകരിക്കുന്നതിന് ഒരു മാഡൽ നിയമം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ജി) പരിശോധിച്ചു വരുന്നു.

വിവിധ കാർഷിക പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക

94 [377] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ വിവിധ പദ്ധതികൾക്കായി 2003-2004 ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഇന്നേവരെ പദ്ധതികൾക്കായി അനുവദിച്ച തുകയും അവ ചെലവഴിച്ചതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) സാമ്പത്തികവർഷം അവസാനിക്കാൻ മൂന്നു മാസം മാത്രം അവശേഷിക്കുമ്പോഴും പദ്ധതി തുകയുടെ വളരെ ചെറിയൊരു ശതമാനം മാത്രമേ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരം സംഭവിച്ചതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഇ) ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്യുമെന്ന് ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) 2003-04-ലെ ബജറ്റിൽ കാർഷിക പദ്ധതികൾക്കായി 10065.01 ലക്ഷം രൂപയും മണ്ണു സംരക്ഷണ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾക്ക് 1397 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അനുമതി ലഭിച്ചിട്ടുള്ളത് 9290.48 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ്.

(ബി) 2003 ഡിസംബർ 31-ാം തീയതി വരെ വിവിധ കാർഷിക പദ്ധതികൾക്ക് 1960.12 ലക്ഷം രൂപയും മണ്ണു സംരക്ഷണ പദ്ധതികൾക്ക് 671.52 ലക്ഷം രൂപയും ചെലവഴിച്ചു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചില പദ്ധതികൾക്ക് ഭരണാനുമതി നൽകാനുണ്ടായ താമസവും പ്രതിമാസ സീലിംഗ് ലഭിക്കുന്നതിനുണ്ടായ തടസ്സവും ട്രഷറി നിയന്ത്രണവും കാരണമായിട്ടുണ്ട്.

(ഇ) പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കത്തക്ക വിധത്തിലാണ് പദ്ധതി നടത്തിപ്പുമായി മുന്നോട്ടു പോകുന്നത്.

കാർഷിക മേളകൾ

95 [378] ശ്രീ. ടി. പി. എം. സാഹിർ :

,, കെ. എൻ. എ. ഖാദർ :

,, സി. മോയിൻകുട്ടി :

,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എത്ര കാർഷിക മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്;

(ബി) ഓരോ ജില്ലയിലും എത്ര വീതം;

(സി) ഇതുകൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്;

(ഡി) മേളകൾ സംഘടിപ്പിക്കുന്നതിന് എന്തു ചെലവായിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന 2002-03 സാമ്പത്തിക വർഷത്തിൽ 8 കിസാൻ മേളകൾ സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് കൃഷി മൃഗ സംരക്ഷണം, ക്ഷീര വികസനം എന്നീ വിഷയങ്ങളിൽ 12 സെമിനാറുകളും നടത്തിയിട്ടുണ്ട്.

(ബി)

	ജില്ല	മേള	സെമിനാറുകൾ
1.	തിരുവനന്തപുരം	4	2
2.	എറണാകുളം	2	1
3.	തൃശ്ശൂർ	1	1
4.	കോട്ടയം	1	1

LIBRARY ARCHIVES Kerala Legislative Assembly